LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ കോളേജുകളിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ

124 [1534] ശ്രീ. ടി. കെ. ദേവകുമാർ:

" എം. വി. ജയരാജൻ:

" മത്തായി ചാക്കോ:

" രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കോളേജുകളിലെ യൂണിയൻ തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച സർവ്വകലാശാലയുടെ നിർദ്ദേശം റദ്ദാക്കിക്കൊണ്ടും മാനേജ്മെന്റിന് യുക്തംപോലെ തെരഞ്ഞെടുപ്പുകൾ നടത്തുവാനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ടുമുള്ള ഹൈക്കോടതി വിധിയോടുള്ള ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കാമോ;

(ബി) ഈ വിധിക്കെതിരെ അപ്പീൽ നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(സി) തെരഞ്ഞെടുപ്പ് സംബന്ധിച്ച സർവ്വകലാശാലകളുടെ നിർദ്ദേശത്തിന് നിയമത്തിന്റെ പിൻബലമില്ലായെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച കാര്യങ്ങൾക്ക് നിയമപ്രാബല്യം നൽകുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ—സി) ഹൈക്കോടതിയുടെ ഏറ്റവും അവസാനത്തെ വിധിന്യായത്തിന്റെ പകർപ്പ് സർക്കാരിന് ലഭിച്ചിട്ടില്ല.

കോളേജുകളിൽ പുതിയ ബിരുദാനന്തരബിരുദ കോഴ്സുകൾ

125 [1535] ശ്രീ. എ. സി. ഷൺമുഖദാസ്:

" കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളിലോ എയിഡഡ് കോളേജുകളിലോ ബിരുദാനന്തര ബിരുദത്തിന് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ;